തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

ഫെബ്രുവരി 2025

CTSPCW2403

## താരതമ്യസാഹിത്യ വിവർത്തനപഠനം
## അടിമത്തവും സാഹിത്യവും

സമയം : 3 മണിക്കൂർ
മാർക്ക് : 100

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക. (8*5 = 40)**

1. കർതൃത്വവും നിർവാഹകത്വവും തമ്മിലുള്ള വ്യത്യാസമെന്ത് ? കർതൃത്വത്തിൽ നിന്ന് നിർവാഹകത്വത്തിലേക്കുള്ള പരിവർത്തനത്തിൽ ആഖ്യാനങ്ങൾക്കുള്ള പങ്കെന്ത് ?

2. ഓർമ്മയും ആഖ്യാനവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി W.J.T മിച്ചൽ അവതരിപ്പിക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

3. മാർക്സിസത്തിന്റെ "അടിത്തറ-മേൽപ്പുര" സങ്കൽപ്പനത്തിലേക്ക് പിൽക്കാലത്ത് നടന്ന പുനഃസന്ദർശനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ എന്തെല്ലാം?

4. സ്ത്രീകളുടെ വിമോചനത്തെക്കുറിച്ച് പെരിയാർ അവതരിപ്പിച്ച ആശയങ്ങളിൽ മതവിമർശനത്തിനുള്ള പ്രത്യേക സ്ഥാനമെന്ത്?

5. ആഫ്രിക്കൻ ജനതയെ യൂറോപ്യൻമാരുടെ അപരമായി അവതരിപ്പിക്കുന്ന നോവലാണ് 'HEART OF DARKNESS ' എന്നു സ്ഥാപിക്കാൻ ചിനു ആച്ചിബേ അപനിർമ്മിക്കുന്ന വാർപ്പുമാതൃകകൾ എന്തെല്ലാം?

6. പൊയ്കയിലപ്പച്ചന്റെ പാട്ടുകളെ ട്രോമാസാഹിത്യം എന്ന നിലക്ക് വിലയിരുത്തുക?

7. ഗോത്രസാഹിത്യം : കുറിപ്പെഴുതുക.

8. ബുദ്ധമതത്തെക്കുറിച്ച് അംബേദ്കർ സൂചിപ്പിച്ച ആശയങ്ങൾ എന്തെല്ലാം?

9. ദളിത് ഫെമിനിസം എന്നാലെന്ത്?

10. വർഗ്ഗവും ജാതിയും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി നടന്ന സംവാദങ്ങളെ ക്രോഡീകരിക്കുക.

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. (3*20=60)**

11. ജാതിയുടെ ഉൽപ്പത്തിയെക്കുറിച്ച് ഉന്നയിക്കപ്പെട്ട സിദ്ധാന്തങ്ങളെ സാമൂഹ്യമായി എങ്ങിനെ വർഗ്ഗീകരിക്കാം.

12. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അടിസ്ഥാനപരമായ പരിമിതിയെക്കുറിച്ച് അംബേദ്കർ അവതരിപ്പിക്കുന്ന ആശയങ്ങൾ ഏവ?

13. ജാതി എങ്ങിനെയാണ് നീതിനിഷേധമായിത്തീരുന്നത് ? നീതിയുക്തമായ ഒരു പൊതുസമൂഹം സൃഷ്ടിക്കുന്നതിന് അയ്യങ്കാളി നടത്തിയ ശ്രമങ്ങളെന്തെല്ലാം ?

14. ജാതിപീഡനത്തിൽനിന്ന് രക്ഷ നേടാൻ മതപരിവർത്തനം ഒരു മാർഗ്ഗമായി സ്വീകരിക്കണം എന്ന വാദത്തോട് കേരളീയ നവോത്ഥാന സന്ദർഭത്തിൽ ഉയർന്ന പ്രതികരണങ്ങൾ ക്രോഡീകരിക്കുക?

******